**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2496** **02-08-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസമേഖലയിൽ സംസ്ഥാനത്തിന്റെ സവിശേഷതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്രസർക്കാർ പുറത്തിറക്കിയ യൂണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യുക്കേഷൻ പ്ലസ് റിപ്പോർട്ടിൽ വിദ്യാഭ്യാസമേഖലയിൽ സംസ്ഥാനത്തിന്റെ സവിശേഷതകൾ പ്രതിപാദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | യൂണിഫൈഡ് ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എഡ്യൂക്കേഷൻ പ്ലസ് (UDISE+) (2019-20) റിപ്പോർട്ടിൽ രാജ്യത്തെ സംസ്ഥന ങ്ങളിലേയും കേന്ദ്രഭരണ പ്രദേശങ്ങളിലേയും സ്കൂളുകളുടെ എണ്ണം, കുട്ടികളുടെ എണ്ണം അധ്യാപകരുടെ എണ്ണം, വിവിധ ബോർഡുകളുടെ അംഗീകാരമുള്ള സ്കൂളുകളുടെ എണ്ണം. വിദ്യാർത്ഥി അധ്യാപക അനുപാതവും നിരക്കുകളും, സ്കൂൾ അടിസ്ഥാന സൗകര്യങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. റിപ്പോർട്ട് പ്രകാരം സ്കൂൾ പ്രവേശനാനുപാതം, സ്കൂൾ പ്രവേശനത്തിലെ ലിംഗ സമത്വം, ക്ലാസ് കയറ്റം, പഠനതുടർച്ച, വൈദ്യുതീകരിക്കപ്പെട്ട സ്കൂളുകൾ, കുടിവെള്ള ലഭ്യതയുള്ള സ്കൂളുകൾ, ആൺ-പെൺ കുട്ടികൾക്ക് പ്രത്യേകമായി ശുചിമുറിയുള്ളസ്കൂളുകൾ, കൈകഴുകൽ സൗകര്യമുള്ള സ്കൂളുകൾ , ഗവൺമെൻറ് എയ്ഡഡ് മേഖലയിൽ ലൈബ്രറി സൗകര്യമുള്ള സ്കൂളുകൾ, കമ്പ്യൂട്ടർസൗകര്യമുള്ള സ്കൂളുകൾ , ഗവൺമെന്റ്-എയ്ഡഡ് മേഖലകളിൽ ഇൻറർനെറ്റ് സൗകര്യമുള്ള സ്കൂളുകൾ എന്നീ സൂചികകളിൽ സംസ്ഥാനം മികച്ച നിലവാരത്തിലാണെന്ന് സൂചിപ്പിക്കുന്നു. |
| (ബി) | ഡിജിറ്റൽ പഠന സൗകര്യം, ലൈബ്രറി, കുടിവെള്ളം, വൈദ്യുതി, ടോയ്‌ലെറ്റ് തുടങ്ങിയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ പ്രസ്തുത കേന്ദ്ര റിപ്പോർട്ട് അനുസരിച്ച് കേരളം ഇതര സംസ്ഥാനങ്ങളിൽ നിന്നും ഏതൊക്കെ തരത്തിൽ വ്യത്യാസപ്പെട്ടിരിക്കുന്നു; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബി) | ഡിജിറ്റൽ പഠനസൗകര്യം, ലൈബ്രറി, കുടിവെള്ളം, വൈദ്യുതി, ടോയ്‌ലറ്റ് തുടങ്ങിയ സംവിധാനങ്ങൾ ഉൾപ്പെടുത്തുന്നതിൽ കേരളം ഏറ്റവും മികച്ച സംസ്ഥാനങ്ങളുടെ കൂട്ടത്തിലാണ്. വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങളുടെ ശതമാനകണക്ക് ചുവടെ പറയും പ്രകാരമാണ്. ലൈബ്രറി (ഗവ.എയ്ഡഡ് സ്കൂളുകൾ-) 98.69% കുടിവെള്ളം - 99.06% ടോയ്‌ലറ്റ് - 99.6% വൈദ്യുതി - 99.4% കമ്പ്യൂട്ടർ സൗകര്യം(ഗവ.എയ്ഡഡ്) 95.91% ഇന്റർനെറ്റ് (ഗവ.എയ്ഡഡ്) 89.17% |

സെക്ഷൻ ഓഫീസർ